# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം. നം. 1988 22.03.2012- ൽ മറുപടിയ്ക്ക്

ചോദ്യം

ശ്രീ. കെ. ദാസൻ

ഉത്തരം

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

ക്ഷേമ പെൻഷനുകളുടെ വിതരണം

| | | |
|---|---|---|
| (എ) | 2006 ജൂൺ മുതൽ 2011 മേയ് വരെയുള്ള കാലയളവിൽ കർഷക തൊഴിലാളി പെൻഷനും മറ്റ് പെൻഷനുകളും മുടങ്ങാതെ വിതരണം ചെയ്തിട്ടുണ്ടോ; | ത്രൈമാസിക ഗഡുക്കളായോ അർദ്ധ വാർഷിക ഗഡുക്കളായോ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്ന സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. |
| (ബി) | ഇക്കാലയളവിൽ പെൻഷൻ വിതരണം കാര്യക്ഷമമായിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കുക; | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം വിവിധ ക്ഷേമ പെൻഷനുകൾ മാസങ്ങളായി വിതരണം ചെയ്യാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | ക്ഷേമ പെൻഷനുകളുടെ വിതരണം മാസങ്ങളായി തടസ്സപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2012 മാർച്ച് മാസം വരെയുള്ള പെൻഷനുകൾ ഈ സാമ്പത്തിക വർഷാവസാനത്തിന് മുൻപുതന്നെ വിതരണം ചെയ്യാനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. അതിനാവശ്യമായ ഫണ്ടും അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | സർക്കാർ ഫണ്ട് അനുവദിക്കാത്തത് കൊണ്ടാണോ പെൻഷൻ വിതരണം മുടങ്ങിയത് എന്ന് വ്യക്തമാക്കാമോ; | പെൻഷൻ മുടങ്ങിയിട്ടില്ല. 2011-12 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യേണ്ട വിവിധ ക്ഷേമ പെൻഷനുകൾ നിരക്ക് വർദ്ധനവ് ഉൾപ്പെടെ നൽകുന്നതിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധികവിഹി-തവും അനുവദിച്ചിട്ടുണ്ട്. |
| (ഇ) | 2011 ഏപ്രിൽ മുതൽ 2011 സെപ്റ്റംബർ വരെ മാത്രം വിതരണം ചെയ്തിട്ടുളള കർഷക തൊഴിലാളി പെൻഷൻ ഇനത്തിൽ 100 രൂപ തോതിൽ കുടിശ്ശികയുള്ളത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | ഏപ്രിൽ 2011 മുതൽ സെപ്റ്റംബർ 2011 വരെ നൽകിയിട്ടുള്ള പെൻഷൻ തുക വർദ്ധിപ്പിച്ച നിരക്കിലാണ് (400/-രൂപ) നൽകിയിട്ടുള്ളത്. |
| (എഫ്) | ധനകാര്യ മാനേജ്മെന്റിന്റെ പരാജയ-മാണ് പെൻഷൻ മുടങ്ങിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഇല്ല |

Satyavani

സെക്ഷൻ ഓഫീസർ